# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *98 — 11.07.2016 -ലെ മറുപടിയ്ക്ക്

## കോളേജുകൾ അനുവദിച്ചതിലും പദവി നൽകിയതിലുമുള്ള ക്രമക്കേടുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ<br>,, വി.ആർ. സുനിൽ കുമാർ<br>,, എൽദോ എബ്രഹാം<br>,, കെ. രാജൻ : | പ്രൊഫ. സി രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കോളേജുകൾ അനുവദിച്ചതിലും എയ്ഡഡ് പദവി നൽകിയതിലും ക്രമക്കേടുകൾ നടന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ രണ്ടു വർഷത്തിനുള്ളിൽ എത്ര സ്കൂളുകൾക്കും കോളേജുകൾക്കും എയ്ഡഡ് പദവി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | 01.01.2016 മുതൽ 30.04.2016 വരെ മുൻസർക്കാർ 17 എയ്ഡഡ് കോളേജുകളും ഒരു സർക്കാർ കോളേജും അനുവദിക്കാൻ എടുത്ത മന്ത്രിസഭാ തീരുമാനങ്ങളും ഉത്തരവുകളും പുതിയ സർക്കാർ പരിശോധിച്ചുവരുന്നു. മേൽപറഞ്ഞവ ഒഴികെ കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ മറ്റു കോളേജുകൾക്ക് ഒന്നും തന്നെ എയ്ഡഡ് പദവി നൽകിയിട്ടില്ല.<br><br>'ഏരിയാ ഇന്റൻസീവ് പ്രോഗ്രാം എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം ആരംഭിച്ച 35 സ്കൂളുകൾക്ക് എയ്ഡഡ് പദവി അനുവദിക്കുന്നതു സംബന്ധിച്ച് കേരള വിദ്യാഭ്യാസ നിയമത്തിലെയും കേരള വിദ്യാഭ്യാസ ചട്ടങ്ങളിലേയും വ്യവസ്ഥകൾക്ക് അനുസൃതമായി പ്രസ്തുത സ്കൂളിലെ 238 അദ്ധ്യാപക – അനദ്ധ്യാപക ജീവനക്കാർക്ക് വിസ്തൃതി / ദൂരപരിധി എന്നിവയ്ക്കുള്ള ഇളവിന്റെ ആനുകൂല്യം നൽകി കെ. ഇ. ആറും, കെ. എസ്. ആറും ബാധകമാക്കി 16.01.2003 മുതൽ എയ്ഡഡ് പദവി അനുവദിച്ച് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | അറബിക് സ്കൂളുകൾക്ക് ആർട്ട്സ് ആന്റ് സയൻസ് പദവി നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര സ്കൂളുകളെ കോളേജുകളാക്കി ഉയർത്തിയെന്ന് വെളിപ്പെടുത്തുമോ; | (ബി) | എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന മലപ്പുറം കരുവാരകുണ്ട് ദാറുന്നജാത്ത് അറബിക് ഓറിയന്റൽ ടൈറ്റിൽ കോളേജിനെ സർക്കാരിന് അധിക സാമ്പത്തിക ബാധ്യതയില്ലാതെ റെഗുലർ ആർട്സ് & സയൻസ് കോളേജാക്കി മാറ്റിയിട്ടുണ്ട്. |
| (സി) | നിയമവിരുദ്ധമായും നിബന്ധന പാലിക്കാതെയും അനുവദിച്ചിട്ടുള്ള ഇത്തരം കോളേജുകളുടെയും സ്കൂളുകളുടെയും കാര്യത്തിൽ എന്ത് തീരുമാനമാണ് എടുക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | 01.01.2016 മുതൽ 30.04.2016 വരെ മുൻസർക്കാർ എടുത്ത മന്ത്രിസഭാ തീരുമാനങ്ങൾ പുതിയ സർക്കാർ പുന:പരിശോധിച്ചുവരുന്നു. |

Saradadevi

സെക്ഷൻ ഓഫീസർ